പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4365 28.06.2012- ൽ മറുപടിക്ക്

കേന്ദ്രത്തിൽ നിന്നുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ അജിത് | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും എത്ര തുക സഹായം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ; | (എ) | 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് ആണ് വെള്ളപ്പൊക്ക - വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് വിനിയോഗിക്കുന്നത്. 75% കേന്ദ്രസഹായവും 25% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തിയാണ് ഈ നിധി രൂപീകരിച്ചിരിക്കുന്നത്. 2011-12 സാമ്പത്തിക വർഷത്തിൽ 103.22 കോടി രൂപ കേന്ദ്ര വിഹിതവും 34.41 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 137.63 കോടി രൂപയാണ് ഈ നിധിയിൽ ഉണ്ടായിരുന്നത്. ഇതു കൂടാതെ 2011-12 വർഷത്തെ കാലവർഷക്കെടുതികൾക്കുള്ള അധിക കേന്ദ്ര ധനസഹായമായി 109.69 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രകൃതിക്ഷോഭത്തിൽ എന്ത് തുകയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രകൃതിക്ഷോഭത്തിൽ ഉണ്ടായ നഷ്ടത്തിന്റെ കണക്ക് സൂക്ഷിച്ചിട്ടില്ല. എന്നാൽ 2011 - 12 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭത്തിൽ 1428.725 കോടിയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ താനെ കൊടുങ്കാറ്റുമായി ബന്ധപ്പെട്ട് 22.58 കോടി രൂപയുടെയും നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | പ്രകൃതി ക്ഷോഭത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് ഏത് ജില്ലയ്ക്കാണെന്ന് വെളിപ്പെടുത്തുമോ; | (സി) | പ്രകൃതിക്ഷോഭത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കണ്ണൂർ ജില്ലയ്ക്കാണ്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി ഓരോ ജില്ലയ്ക്കും എത്ര തുക വീതം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനും മറ്റു പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡ പ്രകാരം ആകെ 158,02,22,320/- രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. എന്നാൽ ഈ തുക അനുവദിച്ചത് 2011-12 വർഷത്തെ പ്രകൃതിക്ഷോഭക്കെടുതികൾക്ക് മാത്രമായാണെന്ന് പറയാൻ കഴിയില്ല. മുൻവർഷങ്ങളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നൽകാൻ അവശേഷിച്ചിരുന്ന തുകയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | അനുവദിച്ച തുക (രൂപയിൽ) |
|---|---|
| തിരുവനന്തപുരം | 23,32,99,785/- |
| കൊല്ലം | 17,36,34,490/- |
| പത്തനംതിട്ട | 16,28,92,459/- |
| ആലപ്പുഴ | 11,94,54,730/- |
| കോട്ടയം | 9,63,16,096/- |
| ഇടുക്കി | 6,10,43,957/- |
| എറണാകുളം | 8,84,34,742/- |
| തൃശ്ശൂർ | 11,91,64,687/- |
| പാലക്കാട് | 10,23,50,000/- |
| മലപ്പുറം | 13,54,00,000/- |
| കോഴിക്കോട് | 9,33,60,604/- |
| വയനാട് | 6,14,34,000/- |
| കണ്ണൂർ | 8,88,76,770/- |
| കാസർഗോഡ് | 4,45,60,000/- |
| **ആകെ** | **158,02,22,320/-** |

(Section officer)